പൊതുമരാമത്ത് വക സ്ഥലങ്ങളിൽ സ്വാശ്രയ കോളേജുകൾ നടത്തുന്നതിനുള്ള അനുവാദം

23 [2320] ശ്രീ. ടി. പി. രാമകൃഷ്ണൻ:
,, വി. കെ. സി. മമ്മത്കോയ:
,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വക സ്ഥലങ്ങളിൽ സ്വാശ്രയ കോളേജുകൾ നടത്തുന്നതിന് അനുവാദം നൽകുന്നത് സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കുമോ;

(ബി) കോഴിക്കോട്-മാവൂർ റൂട്ടിൽ മാവൂർ പഞ്ചായത്ത് ആരംഭിക്കുന്ന ഭാഗത്തുള്ള സർക്കാർ സ്ഥലം വിട്ടുതരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും വ്യക്തിയോ സംഘടനയോ അപേക്ഷ നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം സംഘടനകൾ അല്ലെങ്കിൽ ഏതെല്ലാം വ്യക്തികളാണ് അപേക്ഷ നൽകിയത്;

(ഡി) എന്താവശ്യത്തിനായിട്ടാണ് അപേക്ഷ നൽകിയിട്ടുള്ളത്; അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 21-5-1996-ലെ 35333/സി/95/പൊ.മ.വ. നമ്പർ സർക്കുലർ പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ഭാവിയിൽ പൊതു ആവശ്യങ്ങൾക്കായി വേണ്ടിവരുമെന്നുള്ളതിനാൽ സ്വകാര്യ വ്യക്തികൾക്കോ/ സ്ഥാപനങ്ങൾക്കോ ലീസിന് കൊടുക്കാനോ കൈമാറം ചെയ്യാനോ പാടില്ല എന്ന തീരുമാനമാണ് ഇപ്പോൾ നിലവിലുള്ളത്.

(ബി) ഉണ്ട്.

(സി, ഡി) (1) സ്വാശ്രയ കോളേജിനു കളി സ്ഥലത്തിനായി ഇൻഡസ് എഡ്യൂക്കേഷൻ ട്രസ്റ്റ് അപേക്ഷ നൽകിയിരുന്നു. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കായി റോഡ് വിഭാഗം ചീഫ് എഞ്ചിനീയർക്ക് 4.6.2005-ൽ കത്ത് അയച്ചിട്ടുണ്ട്. കത്തിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു. †

(2) സി.എച്ച്. ഗ്രാമം സ്ഥാപിക്കുന്നതിനായി ചെറുവാടി റൂറൽ ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ പ്രസിഡന്റ് കെ.പി.യു. അലി ഒരു നിവേദനം നൽകിയിരുന്നു. ആയത് റിപ്പോർട്ടിനായി ഉത്തരമേഖലാ വിഭാഗം (റോഡുകൾ) സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

വാമനപുരം നദിക്ക് കുറുകെ പാലം

24 [2321] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ വാമനപുരം നദിക്ക് കുറുകെ ചെല്ലഞ്ചിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly